ക്രമക്കേട് സംബന്ധിച്ചുള്ള ആരോപണങ്ങൾ/ പരാതികൾ ഉണ്ടാകുമ്പോൾ ഉചിതമായ തലത്തിൽ പരിശോധന നടത്താറുണ്ട്.

(ബി) സർവ്വകലാശാല അദ്ധ്യാപക നിയമനത്തിന് ഏകീകൃത രൂപം വേണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

യു.ജി.സി. റെഗുലേഷനെ അടിസ്ഥാനമാക്കിയാണ് അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നത്. അതിനാൽ യോഗ്യതയിലും മറ്റു അക്കാഡമിക് മാനദണ്ഡങ്ങളിലും ഏകീകൃത രൂപമുണ്ടാകാറുണ്ട്.

(സി) പ്രസ്തുത നിയമനങ്ങളിലെ പരാതികൾ പരിഗണിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

പരാതികൾ ലഭ്യമാകുമ്പോൾ ആയത് വിവിധ തലങ്ങളിൽ പരിശോധിക്കപ്പെടാറുണ്ട്.

എയ്ഡഡ് കോളേജ് നിയമനങ്ങൾ

106(2826) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധ തസ്തികകളിലെ നിയമനങ്ങൾക്കുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

എയ്ഡഡ് കോളേജുകളിലെ ഒഴിവുകൾ ബന്ധപ്പെട്ട യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിനും യു.ജി.സി./എ.ഐ.സി.ടി.ഇ./എൻ.സി.ടി.ഇ. ചട്ടങ്ങൾക്കും വിധേയമായി മതിയായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ സെലക്ഷൻ കമ്മിറ്റി മുഖേന തെരഞ്ഞെടുത്ത് നിയമിക്കുന്നു. സർക്കാർ കോളേജുകളിലെ നിയമനങ്ങൾ പി.എസ്.സി. വഴിയാണ് നടത്തുന്നത്.

(ബി) എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളെല്ലാം പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണോ നടത്തുന്നത്; ഇല്ലെങ്കിൽ ഏതൊക്കെ തസ്തികകൾക്കാണ് ഇളവുകൾ അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളെല്ലാം പ്രസ്തുത മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് നടത്തുന്നത്.

(സി) എയ്ഡഡ് മേഖലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള അധ്യാപക, അനധ്യാപക നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ടോ; എങ്കിൽ സംവരണം നൽകുന്നതിന്റെ ആനുപാതിക കണക്ക് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ്/ അറബിക്/ ബി.എഡ്. കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്യുംപ്രകാരം ഓപ്പൺ/കമ്മ്യൂണിറ്റി ഒഴിവുകളിൽ 50:50 അനുപാതം പാലിച്ചാണ് നിയമനം നടത്തുന്നത്. ഇവിടെ കമ്മ്യൂണിറ്റി മെറിറ്റ് എന്നത് പ്രസ്തുത കോളേജുൾപ്പെടുന്ന വിദ്യാഭ്യാസ ഏജൻസിയുമായി ബന്ധപ്പെട്ട കമ്മ്യൂണിറ്റിയെയാണ് സൂചിപ്പിക്കുന്നത്. ഇതല്ലാതെ എയ്ഡഡ് കോളേജുകളിൽ നിയമനത്തിനായി ജാതി സംവരണം സംബന്ധിച്ച് സർവ്വകലാശാല ആക്ടിലും സ്റ്റാറ്റ്യൂട്ടിലും വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ്/ അറബിക്/ബി.എഡ്. കോളേജുകളിൽ ഭിന്നശേഷിക്കാർക്ക് 4% സംവരണം ഏർപ്പെടുത്തിക്കൊണ്ട് 15-2-2021-ലെ സ.ഉ.(കൈ) 96/2021/ഉവിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഡി) ഇല്ലെങ്കിൽ സർക്കാർ ശമ്പളം നൽകുന്ന പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങളെല്ലാം സംവരണതത്വം പാലിച്ചുകൊണ്ടുള്ളതാക്കാൻ നടപടി സ്വീകരിക്കുമോ?

കേരളത്തിലെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സംവരണം അനുവദിച്ചു നൽകണമെന്ന ബഹു. ഹൈക്കോടതിയുടെ 25-5-2015-ലെ വിധി ന്യായത്തിനെതിരെ ഏതാനും എയ്ഡഡ് കോളേജ് മാനേജ്മെന്റുകൾ ഫയൽ ചെയ്ത റിട്ട് അപ്പീലുകളിന്മേൽ പുറപ്പെടുവിച്ച 21-12-2017-ലെ വിധിന്യായം മാനേജ്മെന്റുകൾക്ക് അനുകൂലമായിരുന്നു. എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ സംവരണം ഏർപ്പെടുത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി 21-12-2017-ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ 26-12-2017-ലെ മന്ത്രിസഭായോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. സുപ്രീംകോടതി മുമ്പാകെ എസ്.എൽ.പി. (സി)9975/18 നമ്പരായി എസ്.എൽ.പി. ഫയൽ ചെയ്തിട്ടുള്ളതും ആയതിൻമേൽ വാദം നടന്നു വരികയുമാണ്.

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനം

107(2827) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനും ഇത്തരം ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനുംവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?